# വിദ്യാലയ ചരിത്രം

## ആമുഖം

19-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതി. അന്ന് ഈ പ്രദേശത്ത് അന്ന് സ്കൂളുകൾ ഒന്നും ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസത്തിനായി കുട്ടികൾ കാസറഗോഡ് പെരഡാല ഭാഗത്തേക്ക് പോകുമായിരുന്നു. 14.03.1921 ന് സുബ്ബ പൂജാരി ഗുരുകുല രീതിയിൽ മൗവ്വാറിൽ ഒരു വിദ്യാലയം ആരംഭിച്ചു. കുറച്ച് വർഷങ്ങൾക്കുശേഷം വിദ്യാലയം ഹാർനാട് അനന്തഭട്ടിനെ ഏൽപ്പിച്ചു. പിന്നീട് ശ്രീ അപ്പോജി ഗോവിന്ദ ഭട്ട് ഈ വിദ്യാലയം ഏറ്റെടുക്കുകയും 24.11.1927 ന് മൗവ്വാർ നാരായണ ഭട്ട് വിദ്യാലയത്തിന്റെ നേതൃത്വം ഏറ്റെടുത്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്കൂൾ ഏറെ പുരോഗതി നേടി. കുട്ടികൾക്കായി മൗവ്വാർ സുബ്രഹ്മണ്യ ക്ഷേത്രത്തിൽ അദ്ദേഹം ഉച്ചഭക്ഷണം ഏർപ്പാടാക്കി. ശേഷം 07.07 1953 ൽ അദ്ദേഹത്തിന്റെ മകൻ മൗവ്വാർ സുബ്രഹ്മണ്യ ഭട്ട് ഭരണം ഏറ്റെടുത്തു. മികച്ച അധ്യാപകനും കൂടിയായ അദ്ദേഹം സ്കൂളിനെ പുരോഗതിയിലേക്ക് നയിച്ചു.

1951 ൽ 1-8 വരെ സർക്കാരിൽ നിന്നും സ്കൂളിന് അംഗീകാരം ലഭിച്ചു. 1972 -73 ൽ സംസ്കൃത ഭാഷ അധ്യാപനത്തിനും അംഗീകാരം ലഭിച്ചു. ആ സമയത്ത് 1-7 വരെ 219 കുട്ടികൾ പഠിച്ചിരുന്നു. 4 അധ്യാപകരും ഉണ്ടായിരുന്നു. 01.06.1997 ൽ സമാന്തരമായി മലയാള ഭാഷ പഠനവും ആരംഭിച്ചു. ഇന്ന് ഒന്ന് മുതൽ ഏഴു വരെ 15 ക്ലാസ്സുകളിലായി 19 അധ്യാപകരും ഒരു അനധ്യാപകനും സേവനം അനുഷ്ഠിച്ചു വരുന്നു.

ഇന്ന് 263 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയം 2007-08 കാലയളവു വരെ സർക്കാരിന്റെ അനാദായകരമായ വിദ്യാലയങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. പി.ടി.എ യുടെയും മാനേജ്മെന്റിന്റെയും സഹായത്തോടെ സ്ക്കൂൾ ബസ്സ് സൗകര്യം ഏർപ്പെടുത്തിയതോടെ സ്കൂളിന്റെ മുഖച്ഛായ തന്നെ മാറി.

### കെട്ടിട സൗകര്യം

ആദ്യകാലത്ത് ഓലയും മുളയും ഉപയോഗിച്ച ഷെഡ്ഡിലായിരുന്നു സ്കൂളിന്റെ പ്രവർത്തനം. പിന്നീടി ഓട് മേഞ്ഞ പത്ത് മുറികൾ സ്കൂളിനായി പണികഴിപ്പിച്ചു. പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി 1996 ൽ മാനേജ്മെന്റ് നാല് മുറികളുള്ള ഒരു കോൺക്രീറ്റ് കെട്ടിടവും പണികഴിപ്പിച്ചു.

മുൻ ലോകസഭാംഗവും പൂർവ്വ വിദ്യാർത്ഥിയുമായിരുന്ന എം. രാമണ്ണറൈയുടെ എം.പി ഫണ്ടിൽ നിന്നും 1996 ൽ ഒരു സ്റ്റേജും, ഒരു ക്ലാസ്സ് മുറിയും, രണ്ട് ടോയ്‌ലറ്റും അനുവദിച്ചു. ശ്രീ എൻ എ നെല്ലിക്കുന്ന് എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും സ്കൂളിലേക്ക് 5 ലക്ഷം രൂപയുടെ കിച്ചൺഷെഡ് 2018 ൽ അനുവദിച്ചു. 4 മുറികളുള്ള പുതിയ കെട്ടിടത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു.

# A.U.P.S MOVVAR
# DUTY CHART

| SL No | Name | Duty | Contact Number |
|---|---|---|---|
| 1 | Sheeja P.V | HM | 9946543730 |
| 2 | Sreedharan Edamana | Sanskrit Club | 9042370137 |
| 3 | Sreedevi D N | Vidyarangam, Energy Club | 9446772592 |
| 4 | Anju | English Club | 7510230864 |
| 5 | Lalitha M | Social Club | 9495743933 |
| 6 | Radhakrishnan PM | Maths Club, Sports | 9744283884 |
| 7 | Sruthi | Hindi Club, Library (K) | 9645492507 |
| 8 | Shyam Sunder VPK | Balasabha, Assembly | 9961848964 |
| 9 | Rajesh M | SRG Convener, Society, SITC | 9744317911 |
| 10 | Abbas K P | NMP | 7403871989 |
| 11 | Dhanya Soman | Green Club, Counselor | 9947241311 |
| 12 | Mahaganapathi A | Vehicle, Balasabha (K) | 8129220614 |
| 13 | Bhagyajyothi | IEDC | 8547111079 |
| 14 | Shyamala Kumari K | UP SRG, Science Club | 9496238645 |
| 15 | Usha Kumari S | LP SRG | 8943183289 |
| 16 | Veena P | Library (M), Butterfly garden | 9446282440 |
| 17 | Vishalakshi M | Cleaning | 9480416366 |
| 18 | Ashwini Kumari M | Gardening | 9847495418 |
| 19 | Jayagopala M | OA, Water Supply | 9447196347 |
| 20 | Ashwini M P | | 7034641472 |

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസ്സുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസ്സുകളിലും ഐ.സി.ടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠനതന്ത്രങ്ങളും നൽകുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശില്പ ശാലകൾ, വിദഗ്ദരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക്ക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

- ജൈവവൈവിധ്യമാർന്ന ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ/വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീക നടപ്പിലാക്കുക.
- മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായികപ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക

## .പ്രശ്നങ്ങൾ, വെല്ലുവിളികൾ

### അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. റിസോഴ്സ് അധ്യാപകരുടെ കുറവ്
3. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം
4. 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
5. ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
6. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കാൻ കഴിയുന്നില്ല. നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.
7. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
8. പഠനപ്രക്രിയ പൂർണ്ണയായുംവൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
9. ക്ലാസ്സ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാകുന്നില്ല.
10. കുട്ടികൾക്കാവശ്യമായഗൈഡ്ലൈൻസ് കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമായ മാർഗ്ഗങ്ങളുടെ അഭാവം
11. പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ്ബ് പ്രവർത്തനങ്ങൾ മാറുന്നില്ല.
12. വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം
13. കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയുംപങ്കാളിത്തം ഉണ്ടാവുന്നില്ല.

### ഭൗതികം

1 റിസോഴ്സ് റൂമുകളുടെ അഭാവം

2 ഭൂമിശാസ്ത്രപരമായ ഘടന

3 ക്ലാസ്സ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.

4 ടോയ്‌ലറ്റുകൾ വൃത്തിയായി സൂക്ഷിക്കാൻ കഴിയുന്നില്ല.

5 പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തുന്നു.

6 കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോൽസാഹനം നൽകാൻ വിദഗ്ദരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.

7 ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.

8 വിദ്യാലയ ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല. ഭിന്നശേഷി ക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയെ കുറിച്ച് ധാരണയില്ല.
2. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റു ന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കു ന്നില്ല.
3. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി, എസ്.എം.ഡി.സി, പിടി.എ എന്നീ സ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
4. പ്രാദേശിക വിഭവ പടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
5. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
6. കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

## ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ്സ് | വിഐ | എച്ച്.ഐ | എം.ആർ | ഓട്ടിസം | പഠനപിന്നോക്കം | അംഗ പരിമിതി | ആകെ |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| ആകെ | | | | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല: മലയാളം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തീകം | ഏജൻസി | കാലയളവ് |
|---|---|---|---|---|
| ഭാഷാപരമായ ശേഷിരാഹിത്യം | • ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു. | 5000 | പി.ടി.എ, എസ്.ആർ.ജി | ജൂൺ മാസം |
| വ്യത്യസ്ത സാഹിത്യ തലങ്ങൾ പരിചയപ്പെടുന്നതിന് | **ചങ്ങാതിക്കൂട്ടം**<br>• വ്യത്യസ്ത കലാരൂപങ്ങൾ ഉൾപ്പെടുത്തികൊണ്ട് കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. | 10000 | പി.ടി.എ | ജനുവരി, ഫെബ്രുവരി |
| ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. കൈത്താങ്ങ് പഠന ക്ലാസ്സുകളിൽ ഈ വർക്ക് ഷീറ്റുകൾ ഉപയോഗിക്കുന്നു.<br>• കുട്ടികൾക്ക് ഏത് സമയവും വന്ന് വായിക്കാൻ പറ്റുന്ന രീതിയിൽ വായനാമൂല സജ്ജീകരിക്കുന്നു. വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കുന്നു | 2000 | മലയാളം ക്ലബ്ബ് | ജൂലായി ആദ്യവാരം |
| ഉയർന്ന സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യമില്ലാത്തത് | • കുട്ടികൾക്ക് അവരുടെ സാഹിത്യവാസനകൾ പ്രകടിപ്പിക്കാൻ അവസരം നൽകികൊണ്ടുള്ള സ്കൂൾ ആകാശവാണി<br>• ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ഓരോ മാസത്തിലും മികച്ച ആസ്വാദനക്കുറിപ്പ് കണ്ടെത്തി പ്രോൽസാഹിപ്പിക്കൽ<br>• | 5000<br>1000 | പൂർവ്വ വിദ്യാർത്ഥികൾ വിദ്യാരംഗം ലൈബ്രറി | ജൂലായ് |
| ആധുനിക സാങ്കേതിക | • 5,6,7 ക്ലാസ്സുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഐ,സി.ടി സാധ്യതകൾ കണ്ടെത്തുന്നു. പഠന വിഭവങ്ങൾ | 1000 | മലയാളം ക്ലബ്ബ് | ജൂൺ |

| | | | | |
|---|---|---|---|---|
| വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ | തയ്യാറാക്കുന്നു. | | | |
| കുട്ടികളിലെ വായനാശീലം പൊതുവിൽ കുറയുന്നതായി അനുഭവപ്പെടുന്നു | • ഓരോ ക്ലാസ്സുകളിലും രണ്ടാഴ്ച കൂടുമ്പോൾ ഒരു പുസ്തകത്തിന്റെ 5 കോപ്പികൾ നൽകുന്നു. രണ്ടാഴ്ച പൂർത്തിയാകുമ്പോൾ ആ പുസ്തകവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം ക്ലാസ്സിൽ നടത്തുന്നു. തുടർന്ന് പുതിയ 5 കോപ്പി പുസ്തകങ്ങൾ നൽകുന്നു. | 1000 | പൂർവ്വ വിദ്യാർത്ഥികൾ | ജൂലായ് മുതൽ |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല: ENGLISH | | | | |
|---|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തീകം | ഏജൻസി | കാലയളവ് |
| Ineffective teaching | • Workshop for teachers by language experts. | 10000 | PTA, MTA Teachers | August |
| Defective pronunciation | • Audio video clippings on correct pronunciation.<br>• Classes on phonetics by experts.<br>• ICT facilities<br>• Video clippings<br>• Reders theatre | 5000 | PTA, MTA Teachers | February |
| Lack of communication skill | • Dramatization of stories and enacting them.<br>• Conducting debates and seminars.<br>• Conducting English fest<br>• Formation of English club.<br>• English assembly. | 5000 | PTA, MTA Teachers | December |
| Addressing slow pace learners | • TM and TLM addressing the slow pace learners.<br>• Special coaching classes for slow pace learners. | 3000 | English teachers | June |
| Support to gifted Children | • Special coaching classes using language experts.<br>• Introducing English library.<br>• English book exhibition.<br>• Magazines created by children. | 10000 | PTA Teachers | August |

| | | | | |
|---|---|---|---|---|
| Insufficient vocabulary | • Word games<br>• Word study using computers<br>• Spelling contests<br>• Making cross word puzzles<br>• Dictionary making using the words of the text book | 5000 | Teachers and Students | July |
| Defective sentence pattern | • Making sentence cards.<br>• Using sentence card in class room.<br>• Correct sentence structure with ICT facilities. (conversation)<br>• English bulletin. | 3500 | HM and Teachers | July |
| Illegible hand writing | • Writing with ICT facilities<br>• Peer group learning<br>• English Dairy | 500 | Teachers and Students | July |
| Fun with English Special English Class in association with Central University Kerala, Periya | • One Class from each Month<br>• All Students | 20000 | PTA | Aug to March |
| TWINKLE Special English Class for Std IV | • IV $^{th}$ Standard Students<br>• Special Module | 2000 | Teachers | June to March |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം-മേഖല-ഹിന്ദി | | | | |
|---|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തികം | ഏജൻസി | കാലയളവ് |
| എല്ലാ കുട്ടികൾക്കും അടിസ്ഥാന ശേഷിക്കുറവ് | • ഹിന്ദി ഗ്രന്ഥശാല സ്ഥാപിക്കജശ<br>• വായനാകാർഡ് നിർമ്മാണം<br>• ഹിന്ദി ദിനാചരണങ്ങൾ<br>• ഹിന്ദി അസംബ്ലി<br>• ഹിന്ദി വാർത്താവായന | 10000 | സ്കൂൾ ഫണ്ട് | August |
| ഹിന്ദി ഭാഷയോട് അവഗണന | • ഹിന്ദി ക്യാമ്പ്<br>• ഹിന്ദി ഫെസ്റ്റ്<br>• 7-ാം ക്ലാസിൽ സുഗമ ഹിന്ദി പരിക്ഷ നടത്തുന്നു<br>• ഒന്നാം ക്ലാസുമുതൽ ഹിന്ദി പഠിക്കാനുള്ള അവസരം സൃഷ്ടിക്കുക | 20000 | സ്പോൺസർ ചെയ്യിക്കുന്നു | November |
| പദപരിചയം, ഐ.ടി പരിജ്ഞാനക്കുറവ് | • 5-ാം ക്ലാസ്സിൽ കാർഡ് നിർമ്മാണം, പദ നിർമാണ മത്സരം<br>• 6,7 ക്ലാസ്സ് വർക്ക് ഷീറ്റ് നിർമ്മാണം, ഐ.ടി ലഭ്ഥഃ<br>• ലൈബ്രറി ഉപയോഗം<br>• അക്ഷരക്കളി | 2000 | എസ്.എസ്.എ | September |
| ഹിന്ദി ഭാഷയോട് താൽപര്യക്കുറവ് | ഹിന്ദിയിൽ ലഭ്യമായ കാർട്ടൂൺ, കഥകൾ, സിനിമ, എന്നിവയുടെ പ്രദർശനം | | | December |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല: അറബിക്ക് | | | | |
|---|---|---|---|---|
| **പ്രശ്നങ്ങൾ** | **പരിഹാര പ്രവർത്തനങ്ങൾ** | **സാമ്പത്തീകം** | **ഏജൻസി** | **കാലയളവ്** |
| ഭാഷ എളുപ്പത്തിൽ പഠിക്കാനും സംസാരിക്കാനും ഉപയോഗിക്കാനുള്ള കഴിവ് കുറവ് | • ഭാഷാശേഷി തിരിച്ചറിയാൻ കുട്ടിയോടൊപ്പം സമയം ചെലവഴിച്ച് ഓരോരുത്തരുടെയും നിലവാരം കണ്ടെത്തുന്നു. ആവശ്യമായ ടൂളുകൾ ഉപയോഗിക്കുന്നു. (വായനാ ചോദ്യാവലി, എഴുത്ത്, അഭിമുഖം)<br>• അക്ഷരങ്ങൾ ഉറപ്പിക്കുന്നയിനായി വാചക നിർമ്മാണം, ഭാഷാകേളികൾ തുടങ്ങീ കളികൾ പ്രയോഗിക്കുന്നു<br>• പ്രിയർ ഗ്രൂപ്പ് പഠനം | 1000 | അറബി ക്ലബ്ബ് | ജൂൺ മാസം |
| ഭാഷ പഠിക്കുന്നത് കൊണ്ട് നിത്യജീവിതത്തിൽ ധാരാളം പ്രയോജനം ഉണ്ട് എന്ന ധാരണക്കുറവ് | **വായനാ ഉത്സവം**<br>• വായനാ മത്സരം<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വാട്സ് ആപ് ഗ്രൂപ്പ് | 25000 | പി.ടി.എ, അറബിക്ക് ക്ലബ്ബ് | ജുലായ് |

| | | | | |
|---|---|---|---|---|
| അറബി ഭാഷ | ഏഴുത്തിന്റെ ലോകം | 2000 | അറബിക്ക് | |
| ധാരാളം കാണാനും കേൾക്കാനും ഏഴുതാനും സംസാരിക്കാനുമുള്ള അവസരക്കുറവ് | • നോക്കി എഴുത്ത് മത്സരം<br>• കേട്ടെഴുത്ത് മത്സരം<br>• നല്ല എഴുത്തിന് ഒരു സ്റ്റാർ<br>• കുറിപ്പുകൾ തയ്യാറാക്കൽ<br>• മാഗസിനുകൾ തയ്യാറാക്കൽ<br>• പരസ്പരമുള്ള എഴുത്ത് മത്സരം<br>• എഴുത്ത് മത്സരം | | ക്ലബ്ബ് | നവംബർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല:അടിസ്ഥാന ശാസ്ത്രം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തീകം | ഏജൻസി | കാലയളവ് |
|---|---|---|---|---|
| ശാസ്ത്രത്തിന്റെ പ്രക്രിയാശേഷികളിൽ മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക | • സ്കൂൾ ലാബ് ശാസ്ത്രീകരണം, വിഭവ ശേഖരണം<br>• എല്ലാ ക്ലാസ്സുകളിലും സയൻസ് ലാബ് /ശാസ്ത്ര കോർണർ<br>• എല്ലാവർക്കും ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുന്ന രീതിയിൽ ആഴ്ചയിൽ നടത്തുന്ന സയൻസ് മാജിക്ക് ഷോ<br>• കുട്ടിക്കൊരു ശാസ്ത്ര കിറ്റ് | 75000 | പി.ടി.എ, മാനേജിംഗ് കമ്മിറ്റി, സയൻസ് ക്ലബ്ബ് | ആഗസ്റ്റ് |
| ശാസ്ത്ര സർഗ്ഗാത്മഗതക്കുള്ള അവസരങ്ങൾ കുറവ് | • സ്കൂൾ ശാസ്ത്ര ലൈബ്രറി<br>• വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ക്ലാസ്സുകൾ<br>• ശാസ്ത്ര നാടകങ്ങൾ, പരീക്ഷണക്കളരികൾ | 25000 | പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, സയൻസ് ക്ലബ്ബ് | സെപ്റ്റംബർ |
| ആധുനിക സാങ്കേതിക | • ഐ.സി.ടി വിഭവങ്ങൾ തയ്യാറാക്കൽ<br>• ഡിജിറ്റൽ TM | 15000 | സയൻസ് ക്ലബ്ബ് | ജൂലായ് |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല: സംസ്കൃതം | | | | |
|---|---|---|---|---|
| **പ്രശ്നങ്ങൾ** | **പരിഹാര പ്രവർത്തനങ്ങൾ** | **സാമ്പത്തീകം** | **ഏജൻസി** | **കാലയളവ്** |
| ഭാഷാപരമായ ശേഷികളിലെ പിന്നോക്കാവസ്ഥ | • പ്രി ടെസ്റ്റ്<br>• വർക്ക്ഷീറ്റ് | 500 | സംസ്കൃതം ക്ലബ്ബ് | July |
| വായിക്കുന്നതിലുള്ള അപാകത | • ഭാഷാ ലാബ്-കുടികളിൽ വായനാ ശീലം വളർത്തജശ<br>• Reading corner- എന്തും വായിക്കാം എപ്പോഴും വായിക്കാം<br>• സംസ്കൃതം ഡിജിറ്റൽ ലൈബ്രറി | 2000 | ക്ലബ്ബ് | August |
| പുസ്തക പരിചയകുറവ് | • സംസ്കൃതം വിദ്യാർത്ഥികൾക്ക് പുസ്തകം കൊടുത്ത് ആസ്വാദന കുറിപ്പും ക്വിസ്സും സംഘടിപ്പിക്കജശ<br>• പാവനാടകം, പാഠപുസ്തകവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ പുസ്തകങ്ങൾ പാവനാടക രൂപത്തിൽ ക്ലാസിൽ അവതരിപ്പിക്കുക<br>• Language വായനാമുറി അവിടേക്കുള്ള പുസ്തകങ്ങൾ സ്പോൺസർഷിപ്പിലൂടെ സംഘടിപ്പിക്കുക | 1000 | ക്ലബ്ബ് | December |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല: സോഷ്യൽസയൻസ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തീകം | ഏജൻസി | കാലയളവ് |
| --- | --- | --- | --- | --- |
| കുട്ടികൾക്ക് പ്രദേശത്തെ കുറിച്ച് വ്യക്തമായ ധാര ണയില്ല | • പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>• ഓരോ ക്ലാസിലും ചുമരിൽ വാർഡ്, പഞ്ചായത്ത്, ജില്ല, കേരളം, ഇന്ത്യ എന്നീ ഭൂപടങ്ങൾ വരക്കുക. | ഒരു ക്ലാസിന് 3000 രൂപ | പൂർവ്വ വിദ്യാർത്ഥി, സ്കൂൾ ഫണ്ട്, രക്ഷിതാക്കൾ, മാനേജ്മെന്റ് | August |
| കുട്ടികൾക്ക് പഴയകാല ഉപകരണങ്ങളെകുറിച്ചും ധാരണക്കുറവ് | • വീടുകളിൽ പഴയകാലത്ത് ഉപയോഗിച്ചിരുന്ന ഉപകര ണങ്ങൾ, സാധനങ്ങൾ ശേഖരിക്കൽ<br>• സ്കൂളിൽ മ്യൂസിയം തയ്യാറാക്കൽ | | | December |
| പ്രദേശിക വിഭവസ്രോത സ്സുകൾ ഉപയോഗപ്പെടു ത്തൽ | • വിദഗ്ധരായ ആളുകളുടെ ക്ലാസ്സ് | 100000 | പൂർവ്വ വിദ്യാർത്ഥി സ്കൂൾ ഫണ്ട് | വർഷം മുഴുവൻ |
| പ്രാദേശിക ചരിത്രത്തെ ക്കുറിച്ചുള്ള ധാരണയി ല്ലായ്മ | • മുതിർന്ന പൗരന്മാരുമായി അഭിമുഖം<br>• ചരിത്ര പ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങളിലേക്ക് പഠനയാത്ര<br>• (കാവ് സന്ദർശനം)<br>• പ്രാദേശിക ചരിത്രം തയ്യാറാക്കൽ | 1000 | രക്ഷിതാക്കൾ മാനേജ്മെന്റ്,SSG | December |
| പാഠഭാഗം ലളിതവും ആകുന്നില്ല | • ഐ ടി അധിഷ്ഠിത TM വികസിപ്പിക്കൽ<br>• വർക്ക്ഷീറ്റുകൾ വികസിപ്പിക്കൽ | | | July |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തീകം | ഏജൻസി | കാലയളവ് |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട ചരിത്ര സംഭവങ്ങൾ, സ്മാരകങ്ങൾ, സ്ഥലങ്ങൾ, ഇവയെ നേരിട്ട് അനുഭവിച്ച് അറിയാനുള്ള ബുദ്ധിമുട്ട് | • ഇന്റർനെറ്റ് വഴി സെർച്ച് ചെയ്ത് കണ്ടെത്താൻ അവസരം<br>• ക്ലാസ്സിൽ സാമൂഹ്യ ശാസ്ത്ര കോർണർ | | പൂർവ്വ വിദ്യാർത്ഥി, സ്കൂൾ ഫണ്ട്, രക്ഷിതാക്കൾ, മാനേജ്മെന്റ്, SSG | ജൂലായ് |
| ചരിത്ര പ്രധാന ദിനങ്ങളെ കുറിച്ചും ആഘോഷങ്ങളെക്കുറിച്ചുമുള്ള ധാരണക്കുറവ് | • ദിനാചരണം സംഘടിപ്പിക്കുക<br>• അഭിമുഖം<br>• വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക | | | വർഷം മുഴുവൻ |
| കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള അവബോധക്കുറവ് | • ക്ലാസ്സ് തെരുവുനാടകം എന്നിവ സംഘടിപ്പിക്കുക | 10000 | | ജനുവരി |
| പൗരധർമ്മം മനസിലാക്കുക | • വിദഗ്ദരായവരെ ക്ലാസ്സ് സംഘടിപ്പിക്കുക<br>• സമൂഹവുമായി ഇടപ്പെടൽ<br>• ഫീൽഡ് ട്രിപ്പ്<br>• സ്കൂൾ പാർലമെന്റ് രൂപീകരണം | 5000 | പൂർവ്വ വിദ്യാർത്ഥി, സ്കൂൾ ഫണ്ട്, രക്ഷിതാക്കൾ, മാനേജ്മെന്റ്, SSG | ആഗസ്റ്റ് |
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | • ബുള്ളറ്റിൻ ബോർഡ്<br>• ഡിബേറ്റ് ക്ലബ്ബ് | 3000 | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | ജൂലായ് |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തീകം | ഏജൻസി | കാലയളവ് |
|---|---|---|---|---|
| സാമൂഹിക സേവനം മനസ്സിലാക്കൽ | • പാലിയേറ്റീവ് പ്രവർത്തകരെക്കൊണ്ട് ക്ലാസ്സ് സംഘടിപ്പിക്കജശ<br>• പാലിയേറ്റീവ് കെയർ ക്ലിനിക്ക് സന്ദർശനം<br>• രോഗികളുമായി അടുത്തിടപഴകാനുള്ള അവസരം<br>• പൈസ ശേഖരിച്ച് സാമൂഹിക സേവനത്തിന് ഉപയോഗിക്കുക | 10000<br><br>5000 | സാമൂഹിക പ്രവർത്തകർ, പൂർവ്വ വിദ്യാർത്ഥി, മാനേജ്മെന്റ്, SSG | നവംബർ |
| ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | • ക്ലാസ്സ് സംഘടിപ്പിക്കുക, ജൈവവൈവിധ്യങ്ങളെ പറ്റി അവബോധം നൽകൽ<br>• പഠന യാത്ര, ജൈവവൈവിധ്യ പാർക്ക്<br>• ജന്തു ജന്യജീവികളെ സംരക്ഷിക്കുന്നതിന് പാർക്ക് നിർമ്മാണം, അക്വേറിയം, കുളം, കിളിക്കൂട്, തണ്ണീർതടം, തണൽ മരം നടൽ | 100000 | പൂർവ്വ വിദ്യാർത്ഥി, സ്കൂൾ ഫണ്ട്, രക്ഷിതാക്കൾ, മാനേജ്മെന്റ് | ജനുവരി |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല:കണക്ക്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തികം | ഏജൻസി | കാലയളവ് |
|---|---|---|---|---|
| ശിശുസൗഹൃദ പഠനസാമ ഗ്രിയുടെ കുറവ് | • ഗണിതലാബ് ശാക്തീകരണം<br>• ക്ലാസ്സ് ഗണിതലാബ് ഗണിതലാബ് ശാക്തീകരണം | 50000 | P T A സ്റ്റാഫ് തദ്ദേശ സ്ഥാപനങ്ങൾ | July |
| മികച്ച ഗണിത ഗ്രന്ഥങ്ങ ളുടെ അഭാവം | • ഗണിത പുസ്തകങ്ങൾ ശേഖരിച്ച്<br>• മികച്ച ഗണിത ലൈബ്രറി ഉണ്ടാക്കുക | 100000 | | September |
| ഗണിത പഠണം രസക രവും ആകർഷവുമാക്കാൻ സാധിക്കുന്നില്ല | • ഗണിത ബുള്ളറ്റിൽ ബോർഡ് സ്ഥാപി ക്കൽ<br>• ഗണിത ക്ലബ്ബ് ശാക്തീകരണം | 10000 | ഗണിത വിഷയ സമിതി | July |
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ പല കുട്ടികൾക്കും കഴിയുന്നില്ല | • Maths Clinic<br>• Maths Work Sheet<br>• Geogebra പരിശീലനം<br>• സ്കൂൾ പാർലമെന്റ് രൂപീകരണം<br>• ഗണിത സ്കിറ്റ് അവതരണം<br>• മുന്നേറ്റം ക്ലാസ്സുകൾ | 5000 | Maths SRG, PTA | August |
| ഗണിത സാഹിത്യ സൃഷ്ടി കൾ പരിചയപ്പെടാനും സ്വയം രചനകൾ നടത്തു വാനും കഴിയുന്നില്ല. ഗണിത പഠനം വിരസമാ കുന്നു. | • ഗണിത മാഗസിൻ<br>• ചുമർ പത്രികകൾ സ്കൂൾ തലം<br>• ഗണിത ശാസ്ത്ര മേള<br>• ചോദ്യോത്തര പെട്ടി | 1000 | Maths SRG | January |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല:കണക്ക്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തികം | ഏജൻസി | കാലയളവ് |
|---|---|---|---|---|
| മികച്ച ഗണിത പ്രതിഭ കളെ കണ്ടെ ത്തുന്നതിനും വളർത്തുന്നതിനും സാധിക്കുന്നില്ല | • ഗണിത മെഗാക്വിസ്<br>• Maths talent search examination<br>• Maths ക്യാമ്പുകൾ<br>• ഗണിതോത്സവം<br>• Resource Teachers Camps<br>• Video Classes<br>• Little Mathematics program | 3000 | Maths SRG, PTA | October |
| ഗണിത കളി, ചെസ്സ്, പസിൽസ്, നാട്ടറിവ് ഒറി ഗാമി, സെമിനാർ, പാട്ട്, കഥ,എന്നിവ അടുത്തറി യാൻ അവസരം കിട്ടു ന്നിവല്ല | • ഗണിത ഗെയിം കോർണർ<br>• പസിൽ കോർണർ<br>• പാട്ട്, കഥ, നാടക ക്യാമ്പ്<br>• നാട്ടറിവ് ശേഖരണം<br>• ചെസ്സ് ക്യാമ്പ് | 4000 | Maths SRG, PTA | വർഷം മുഴു വൻ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല: പി.ടി.എ

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തീകം | ഏജൻസി | കാലയളവ് |
|---|---|---|---|---|
| എസ്സ്.എസ്സ്.ജിയുടെ സഹായം അക്കാദമിക, പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ | • രക്ഷിതാക്കളിൽ നിന്നും യോഗ്യരായവരുടെ വിവരശേഖരണം<br>• രക്ഷിതാക്കളെ പഠന പ്രവർത്തനങ്ങളിൽ ശ്കൊള്ളിക്കൽ<br>• യു.എസ്സ്.എസ്സ് പരിശീലനം<br>• കലാകായിക മേള<br>• മുന്നേറ്റം ക്ലാസ്സ്<br>• വയൽ സന്ദർശനം, ഞാറുനടീൽ | 10000 | SSG/ സ്റ്റാഫ് | ആഗസ്റ്റ്<br>ജൂലൈ |
| എം.ടി.എ/പി.ടി.എ പ്രാതിനിധ്യക്കുറവ് | • മാസത്തിൽ നിശ്ചിത ദിവസം എക്സിക്യൂട്ടീവ് യോഗം ചേരുക<br>• ബോധവൽക്കരണ ക്ലാസ്സുകൾ<br>• കോർണർ പി.ടി.എ<br>• ഗൃഹ സമ്പർക്ക പരിപാടി<br>• ഉച്ചഭക്ഷണ പരിപാടിയിൽ പങ്കൊള്ളിക്കൽ<br>• കോർണർ പി.ടി.എയിൽ രക്ഷിതാവിനെയും കുട്ടികളെയും ഉൾക്കൊള്ളിച്ച് കല, സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തൽ | 15000 | പി.ടി.എ/ സ്റ്റാഫ് | വർഷം മുഴുവൻ |
| എം.ടി.എ/പി.ടി.എ സ്കൂൾ പ്രവർത്തനങ്ങൾ അറിയിക്കൽ | • മൊബൈൽ ഫോൺ കമ്മ്യൂണിക്കേഷൻ സിസ്റ്റം | 10000 | സ്കൂൾ, മാനേജ്മെന്റ്/സ്റ്റാഫ് | |
| എം.ടി.എ/പി.ടി.എ പ്രവർത്തക സമിതിക്ക് കൃത്യമായ ദിശാബോധം | • എം.ടി.എ/പി.ടി.എ പ്രവർത്തന കലണ്ടർ തയ്യാറാക്കൽ | 10000 | പി.ടി.എ/ സ്റ്റാഫ് | ജൂൺ |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തീകം | ഏജൻസി | കാലയളവ് |
|---|---|---|---|---|
| കുട്ടികളിൽ കായിക ക്ഷമതയുടെ കുറവ് | • കായിക ക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക<br>• സ്പോർട്സ് ക്യാമ്പുകൾ സംഘടിപ്പിക്കുക<br>• യോഗ, സൈക്കിളിംഗ്, നീന്തൽ എന്നവയിൽ പരിശീലനം നൽകുക<br>• പ്രദേശത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക<br>• യോഗാ ക്ലാസ്സുകൾ സംഘടിപ്പിക്കുക | 10000 | SSG/ സ്റ്റാഫ് | വർഷം മുഴുവൻ |
| സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം | • കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക<br>• സ്പോർട്സ് അക്കാദമി രൂപീകരിക്കൽ | | തദ്ദേശസ്വയംഭരണ സ്ഥാപനം, പി.ടി.എ/ സ്റ്റാഫ് | |
| കുട്ടികൾക്ക് താൽപര്യമുള്ള കായിക ഇനങ്ങൾ തെരഞ്ഞെടുക്കാൻ അവസരം ലഭിക്കുന്നില്ല | • കായിക പ്രതിഭാ പദ്ധതിയിൽ തൽപര്യമുള്ള ഇനങ്ങളിൽ വിദഗ്ധ പരിശീലനം | 12000 | പി.ടി.എ | |
| കായിക താരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല | • കായിക പ്രതിഭകളെ ആദരിക്കൽ | 2000 | പി.ടി.എ | ജനുവരി |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയാൊാൻ അവസരം ഇല്ല | • വൈദ്യപരിശോധന, ആരോഗ്യക്ലാസ്സുകൾ, സി.ഡി പ്രദർശനം | 5000 | ഹെൽത്ത് ക്ലബ്ബ് | സെപ്റ്റ ംബർ |
| ശരിയായ ഭക്ഷണ ശീലത്തെക്കുറിച്ചുള്ള അറിവില്ലായ്മ | • ആരോഗ്യ ക്ലാസ്സുകൾ<br>• അടുക്കളത്തോട്ടം | | | വർഷം മുഴുവ ൻ |
| പ്രഥമ ശുശ്രൂഷയെക്കുറിച്ചുള്ള ധാരണക്കുറവ് | • വിദഗ്ദരുടെ ക്ലാസ്സുകൾ<br>• സി.ഡി പ്രദർശനം<br>• പ്രഥമ ശുശ്രൂഷ കിറ്റ്- സൗകര്യം ലഭ്യമാക്കൽ | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല: പ്രവർത്തി പരിചയം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തീകം | ഏജൻസി | കാലയളവ് |
|---|---|---|---|---|
| കുട്ടികൾക്ക് പരിശീലനത്തിന്റെ അഭാവം | • പ്രാദേശിക ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക<br>• പരിശീലനത്തിനാവശ്യമായ സ്ഥിരം അധ്യാപകരെ നിയമിക്കൽ | | ബി.ആർ.സി | ജനുവരി |
| പ്രദേശികമായി പരിശീലനത്തിന്റെ അഭാവം | • പ്രവർത്തി പരിചയ മേഖലയിൽ കഴിവുള്ള പ്രാദേശികമായ വ്യക്തികളുടെ വിവരശേഖരണം<br>• അവരെ ചേർത്തുള്ള റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കൽ | 500 | WE ക്ലബ്ബ് | ഒക്ടോബർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല: കലാപഠനം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തീകം | ഏജൻസി |
|---|---|---|---|
| കലാപഠനത്തിൽ വേണ്ടത്ര സമയം ലഭിക്കുന്നില്ല | • ഒഴിവു ദിവസങ്ങളിൽ കുട്ടികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു<br>• അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു<br>• അവധിക്കാലത്ത് അഞ്ചു ദിവസം നീളുന്ന ചിത്രരചനാ പരിശീലനം | 5000 | വിദ്യാരംഗം |
| പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം | • ഈ മേഖലയിൽ പരിശീലനം ലഭിച്ച അധ്യാപകരെ കൊണ്ടുവന്ന് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | 3000 | വിദ്യാരംഗം |
| വിവിധ കലാരൂപങ്ങളെക്കുറിച്ചുള്ള ധരണക്കുറവ് | • വിവിധ കലാരൂപങ്ങളുടെ വേഷവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവ പരിചയപ്പെടാനും കാണാനുമുള്ള അവസരങ്ങൾ നൽകുന്നു | 10000 | വിദ്യാരംഗം |
| കലാപരമായ കഴിവ് വികസിപ്പിക്കുന്നതിന് | • ആഴ്ചയിൽ ഒരു ദിവസം സാഹിത്യസമാജം സംഘടിപ്പിക്കുന്നു.<br>• കുട്ടിൾക്ക് നാടക പരിശീലനം നൽകുക<br>• നാടൻ കലകളിൽ പ്രാവീണ്യം നേടിയവരെ പരിചയപ്പെടുത്തുന്നു | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം-മേഖല: ഐ ടി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തികം | ഏജൻസി |
|---|---|---|---|
| ആവശ്യമായ കമ്പ്യൂട്ടറുകളുടെ കുറവ് | • ആവശ്യമായ കമ്പ്യൂട്ടറുകളുടെ ശേഖരണത്തിന് പി ടി എ പൂർവ്വ വിദ്യാർത്ഥികളെ സമീപിക്കുന്നു<br>• ചുരുങ്ങിയത് 25 കമ്പ്യൂട്ടറുകൾ എങ്കിലും ശേഖരിക്കുന്നു | 750000 | പൂർവ്വ വിദ്യാർത്ഥികൾ, ലോക്കൽ ഗവ. |
| വൈദ്യുതിയുടെ അഭാവത്തിൽ പാഠഭാഗങ്ങൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല | • മുഴുവൻ കമ്പ്യൂട്ടറുകളും പ്രവർത്തിക്കാനാവശ്യമായ ഇൻവെർട്ടർ സംവിധാനം ഒരുക്കുക. | 50000 | മാനേജ്മെന്റ് കമ്മിറ്റി |
| പാഠഭാഗങ്ങൾ ഐസിടി സാധ്യത ഉപയോഗിച്ച് വിനിമയം ചെയ്യാനുള്ള പ്രയാസം | • മുഴുവൻ ക്ലാസ്സുകളിലും ലാപ്ടോപ്, പ്രോജക്ടർ സംവിധാനം ഒരുക്കുക. | 500000 | ലോക്കൽ ഗവ. പൂർവ്വ വിദ്യാർത്ഥികൾ, മാനേജ്മെന്റ് കമ്മിറ്റി |
| ഇന്റർനെറ്റ് LAN | • ലഭ്യമായ മുഴുവൻ കമ്പ്യൂട്ടറുകളും LAN സംവിധാനം ഒരുക്കൽ | 5000 | BSNL,IT |
| സംവിധാനങ്ങളുടെകുറവ് | • മുഴുവൻ ക്ലാസ്സുകളും LANവഴി ബന്ധിപ്പിക്കുന്നു. ക്ലാസ്സുകളിൽ ലൈവ് വീഡിയോ കാണാനുള്ള അവസരം സാധ്യമാക്കുന്നു. | 500 | സ്കൂൾ |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം-മേഖല ഭിന്നശേഷി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തികം | ഏജൻസി |
|---|---|---|---|
| ഭിന്നശേഷി വിഭാഗത്തചന്റ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തൽ | • ഓരോ വർഷവും ആദ്യമാസത്തിൽ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ ഭിന്നശേഷിയിലുള്ള കുട്ടികളെ കണ്ടെത്തുന്നു | 1500 | ബി.ആർ.സി |
| പാഠഭാഗങ്ങളുടെ അനുരൂപികരണം സാധ്യമാക്കുന്നില്ല | • റിസോഴ്സും ടിച്ചേഴ്സിന്റെ സേവനം എല്ലാ ദിവസവും ലഭ്യാമാക്കുക<br>• ഐസിടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക<br>• സ്കുളിലെ അധ്യാപകർക്ക് പ്രത്യേകം പരിശീലനം നൽകുക<br>• ഇത്തരക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ സംവിധാനങ്ങൾ എന്നിവ ഒരിക്കുക<br>• ഒരു റിസോഴ്സ് റൂം വിദ്യാലയത്തിൽ ആരംഭിക്കുക | 30000 | ബി.ആർ.സി<br>പി.ടി.എ,<br>എസ്.എസ്.ജി |
| പ്രത്യേകം പരിഗണന കിട്ടായ്മ | • ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നിരന്തരമായ പ്രോത്സാഹനം നൽകുന്നു.<br>• Student of the day പ്രോഗ്രാം ആരംഭിക്കുന്നു.<br>• കഥ,പാട്ട്, വരപ്പിക്കൽ,കേൾപ്പിക്കൽ,വായിച്ചുകൊടുക്കൽ ഒറിഗാമി പ്രവർത്തനങ്ങൾ എന്നിവ ചെയ്യുന്നു. | 500 | അധ്യാപകർ |

| | | | |
|---|---|---|---|
| കുട്ടികളുടെ പ്രശ്നങ്ങൾക്ക് അനുസൃതമായി രക്ഷിതാക്കൾക്ക് പരിശീലനം ഇല്ലാത്ത അവസ്ഥ | • മാതാപിതാക്കൾക്ക് പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>• Art camp,craft camp,field trip, എന്നിവ സംഘടിപ്പിക്കുന്നു.<br>• പഠനപ്രവർത്തനങ്ങളിൽ രക്ഷിതാവിനെക്കുടി പങ്കാളിയാക്കുക | 10000 | ബി.ആർ.സി<br>പി.ടി.എ,<br>എസ്.എസ്.ജി പുർവ്വ വിദ്യാർത്ഥികൾ |
| സാമൂഹ്യ പങ്കാളിത്തത്തിന്റെ കുറവ് | • പിയർ ടീച്ചേഴ്സ് ആയ കുട്ടികളെ പ്രയോജനപ്പെടുത്തുക.<br>• ഇത്തരക്കാർക്ക് പുറത്ത് ഒത്തുകുടാനുള്ള പൊതു ഇടങ്ങൾ കണ്ടെത്തുക<br>• കൃഷി പാഠം,ശാസ്ത്രപരീക്ഷണം,പ്രകൃതി നിരിക്ഷണം, സോപ്പ് നിർമ്മാണം തുടങ്ങി,വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ സ്കുളിനു പുറത്തജനു (പ്രായ വ്യത്യാസം നോക്കാതെ ) ഇത്തരം കുട്ടികളെ ഉൾപ്പെടുത്തികൊണ്ട് കൂട്ടായ്മകൾ രൂപികരിക്കുക,ആഴ്ചയിൽ ഒരിക്കലെങ്കിലും ഒത്തുകുടാനുള്ള അവസരം നൽകുക<br>• ഭിന്നശേഷി നൈപുണ്യ പരിശിലന കേന്ദ്രം തുടങ്ങുക | 5000 | ബി.ആർ.സി<br>പി.ടി.എ,<br>എസ്.എസ്.ജി പുർവ്വ വിദ്യാർത്ഥചശറ്റ |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം-പരിസ്ഥിതി | | | |
|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തികം | ഏജൻസി |
| സ്കുളിൽ മനോഹരമായ പുന്തോട്ടത്തിന്റെ കുറവ് | സ്കുൾ പരിസരം പച്ചപ്പു കൊണ്ട് നിറയ്ക്കുക<br>• ചെടികൾ<br>• വൃക്ഷതൈകൾ<br>• പഴവർഗ്ഗങ്ങൾ | 10000 | മാനേജ്മെന്റ് |
| വീട്ടിലെ അടുക്കളത്തോട്ടം | • കുട്ടികൾ മാതാപിതാക്കളുടെയും അധ്യാപകരുടെയും സഹായത്തിൽ പച്ചക്കറി ത്തോട്ടം വച്ചു പിടിപ്പുക്കുന്നു<br>• സ്കുൾ പച്ചക്കറിത്തോട്ടം | 2000 | സ്റ്റാഫ് |
| പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണം | • പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം<br>• ജലസംരക്ഷണ മാർഗ്ഗങ്ങൾ,മഴവെള്ള സംഭരണി ,ബോധവൽക്കരണം | 3000<br>30000 | എസ് എസ് എ<br>തദ്ദേശ സ്ഥാപനങ്ങൾ |
| സ്കുൾ തന്നെ പാഠപുസ്തകം | • ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ<br>• Bala വ്യാപനം<br>• ശലഭോദ്യാനം | 50000 | എസ് എസ് എ<br>തദ്ദേക സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| കുട്ടികളുടെ പ്രശ്ന ങ്ങൾക്ക് അനുസൃത മായി രക്ഷിതാ ക്കൾക്ക് പരിശീലനം ഇല്ലാത്ത അവസ്ഥ | • മാതാപിതാക്കൾക്ക് പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പി ക്കുന്നു<br>• Art Camp, Craft Camp, Field Trip എന്നിവ സംഘടിപ്പിക്കുന്നു.<br>• പഠന പ്രവർത്തനങ്ങളിൽ രക്ഷിതാവിനെ കൂടി പങ്കാളിയാക്കുക | 10000 | ബി.ആർ.സി, പി.ടി.എ, എസ്.എസ്.ജി, പൂർവ്വ വിദ്യാർത്ഥികൾ |
| സാമൂഹ്യ പങ്കാളി ത്തത്തിന്റെ കുറവ് | • പിയർ ടീച്ചേഴ്സ് ആയ കുട്ടികളെ പ്രയോജനപ്പെടുത്തുക<br>• ഇത്തരക്കാർക്ക് പുറത്ത് ഒത്തുകൂടാനുള്ള പൊതു ഇടങ്ങൾ കണ്ടെത്തുക<br>• കൃഷി പാഠം, ശാസ്ത്ര പരീക്ഷണം, പ്രകൃതി നടത്തം, സോപ്പ് നിർമ്മാണം തുടങ്ങി വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>• സ്കൂളിനു പുറത്തുള്ള (പ്രായ വ്യത്യാസം നോക്കാതെ) ഇത്തരം കുട്ടികളെ ഉൾപ്പെടുത്തികൊണ്ട് കൂട്ടായ്മകൾ രൂപീക രിക്കുക, ആഴ്ചയിൽ ഒരിക്കലെങ്കിലും ഒത്തുകൂടാനുള്ള അവ സരം നൽകുക.<br>• ഭിന്നശേഷി നൈപുണ്യ പരിശീലന കേന്ദ്രം തുടങ്ങുക. | | |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം-ലൈബ്രറി | | | |
|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തികം | ഏജൻസി |
| പുസ്തകങ്ങൾ കുറവ് | • പുസ്തക ശേഖരണം (ഒരു കുട്ടിയുടെ വീട്ടിൽ നിന്ന് ഒരു പുസ്തകം)<br>• പിറന്നാളിന് ഒരു പുസ്തകം തുറന്ന് ലൈബ്രറിയിലേക്ക് (അസംബ്ലിയിൽ പിറന്നാൾ ആശംസ പറഞ്ഞ് കുട്ടികളിൽ പുസ്തകം തരാനുള്ള ആവേശം ഉണ്ടാക്കൽ) | 25000 | പി ടി എ<br>പൂർവ്വ വിദ്യാർത്ഥികൾ |
| പുസ്തകങ്ങൾ സുക്ഷിക്കാനുള്ള അലമാരകളുടെ കുറവ് | • സ്പോൺസർഷിപ്പിലുടെ സംവിധാനമൊരുക്കൽ | | |
| ക്ലാസ്സ് ലൈബ്രറി ആകർഷകമല്ല | • മികച്ച ക്ലാസ്സ് ലൈബ്രറി കണ്ടെത്തൽ (പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രീതി നോക്കി ക്ലാസിലെ അലമാരക്ക് ഡോർ വെക്കൽ)<br>• പുസ്തകങ്ങൾ വാങ്ങാൽ<br>• (വിവിധ മാസികകൾ തളിർ, യൂറീക്ക മുതലായവ) | 136000 | പൂർവ്വ വിദ്യാർത്ഥികൾ |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം-ലൈബ്രറി | | | |
|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തികം | ഏജൻസി |
| 100% കുട്ടികൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങളെടുത്ത് വായിക്കുന്നില്ല | • തുറന്ന ലൈബ്രറി<br>• പുസ്തകക്കുറിപ്പ് തയ്യാറാക്കൽ മത്സരം<br>• മാസത്തിലൊരിക്കൽ ചർച്ച<br>• ആഴ്ചയിലൊരിക്കൽഅസംബ്ലിയിൽ ഒരു പുസ്തകങ്ങൾ സുക്ഷിച്ച് രജിസ്റ്റർ എഴുതി കുട്ടികൾ തന്നെ പുസ്തകങ്ങൾ വിതരണം ചെയ്യൽ<br>• കവികൾ—കവിതകൾ ഓരോ കുട്ടിയും അവർക്ക് ലഭിച്ച കവിയുടെ ജീവചരിത്ര കുറിപ്പ് തയ്യാറാക്കുന്നു. | 10000 | അധ്യാപകർ,കുട്ടികൾ രക്ഷിതക്കൾ |
| എല്ലാ രക്ഷിതക്കളും ലൈബ്രറിയിൽ അംഗങ്ങളല്ല. | • കുട്ടികൾ വഴി രക്ഷിതക്കൾക്ക് പുസ്തകമെത്തിക്കൽ. | | |
| പുസ്തകങ്ങൾ വാങ്ങാനുള്ള സാമ്പത്തികം വേണ്ടത്ര ലഭിക്കുന്നില്ല. | • പാഠപുസ്തക പ്രസാദകരിൽ അംഗത്വമെടുക്കൽ<br>• ഒരു വർഷം നിശ്ചിത ശതാമാനം തുകക്ക് പുസ്തകങ്ങൾ ലഭിക്കുന്ന പദ്ധതി.<br>• ഓരോ വർഷവും അംഗത്വം | | പി ടി എ . എസ് . എസ് .ജി,സ്റ്റാഫ് |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം-ഗൈഡ് ലൈസൻസ്കൗൺസിലിംഗ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | സാമ്പത്തികം | ഏജൻസി |
|---|---|---|---|
| വൈകാരിക പിന്തുണ സംവിധാനത്തിന്റെ അഭാവം | • ഗൃഹന്ദർശനം നടത്തി കുട്ടികളുടെ പരമാവധി വിവര ശേഖരണം നടത്തുന്നു.<br>• സ്കൗട്ട് & ഗൈഡ്,പുലീകരണം<br>• അധ്യാപകർക്ക് വിദഗ്ദ പരിശിലനം നൽകുന്നു.<br>• വിദഗ്ദ്ധരെ ഉൾപ്പെടുത്തി പേരന്റിങ് ക്ലാസുകൾ സംഘടി പ്പിക്കുന്നു.<br>• സ്കൂൾ മാതൃസമിതിപ്രവർത്തനം ശക്തമാക്കുന്നു.<br>• സന്നദ്ധ സംഘടനകളുടെ സഹായങ്ങൾ ലഭ്യമാക്കുന്നു.<br>• വിദഗ്ദ പരിശിലനം ലഭിച്ചവരെ ഉൾപ്പെടുത്തി കൗൺസി ലിംഗ് സെന്റർ രൂപീകരിക്കുന്നു. | 10000 | BRC,PTA,PHC Scout & Guides |
| ആരോഗ്യ കുടുംബ ബന്ധങ്ങളിലെ പ്രശ്നപരി ഹരണം നടത്താനുള്ള പ്രയാസം | • പ്രാദേശിക കൂട്ടായ്മകൾ സംഘടിപ്പിക്കുന്നു.<br>• കോർണർ പി.ടി.എ കൾ രൂപീകരിക്കുന്നു.<br>• ഓരോ വർഷവും അംഗത്വം<br>• .<br>• സെമിനാർ ,ബോധവൽക്കരണ ക്ലാസ്,പോസ്റ്റർ പ്രദർശനം ,വിഡിയോ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു.<br>• പ്രാദേശിക തലത്തിൽ ജനജാഗ്രത സമിതി രൂപീകരിക്കുന്നു.<br>• . Scout & Guidesഉപയോഗിച്ച് ലഹരി വിരുദ്ധസേനാ രൂപീ കരണം | 25000 | BRC,PTA,PHC, Scout & Guides,സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| ജീവിതനൈപുണി വികസനം,വ്യക്തിത്വ വികസനം എന്നിവയിലെ കുറവ് | • സ്കുൾ സാഹിത്യസമാജം മെച്ചപ്പെടുത്തുക<br>• ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>• കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു.<br>• മോട്ടിവേഷൻ ക്ലാസ്സുകൾ ,കരിയർ ഗൈഡന്റ്സ് ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു.<br>• അവധിക്കാല സഹവാസ ക്യാമ്പുകൾ ,തീയേറ്റർ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു. | 10000 | BRC,PTA,PHC Scout & Guides സ്ഥാപനങ്ങൾ |
| സാമുഹ്യ പ്രശ്നങ്ങളിൽ ഇടപെടാനുള്ള താൽപര്യമില്ലായ്മ | • സ്കുൾ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>• സ്കുളിലും തുടർന്ന് വീട്ടിലും ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമാക്കുന്നു.<br>• പ്ലാസ്റ്റിക് ശേഖരണം ,തരംതിരിക്കൽ,വിപണനം എന്നിവയ്ക്കാവശ്യമായ പദ്ധതി പഞ്ചായത്തുമായി രുപപ്പെടുത്തുന്നു.<br>• പി ടി എ സഹായത്തോടെ പേപ്പർ ബേഗ്, പേപ്പർ പേന എന്നിവ നിർമ്മിക്കുന്നു, വിപണനം നടത്തുന്നു. | 25000 | PTA,Scout & Guides, സ്ഥാപനങ്ങൾ |